## അനുബന്ധം I

## വിയോജനക്കുറിപ്പ്

സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിനായി സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ ചില അംഗീകാരങ്ങളിൽ നിന്നും പരിശോധനകളിൽ നിന്നും അത്തരം സ്ഥാപനങ്ങളെ ഒഴിവാക്കുന്നതിന് വേണ്ടിയാണ് 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം കേരള നിയമസഭ പാസ്സാക്കിയത്. എന്നാൽ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾക്ക് പുറമേ മറ്റ് വ്യവസായ സ്ഥാപനങ്ങൾക്കും വിവിധ അവകാശങ്ങൾക്കും ലൈസൻസുകൾക്കും അപേക്ഷ സമർപ്പിച്ച് 7 ദിവസത്തിനുള്ളിൽ അവ നൽകുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തുന്നതിനാണ് ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്.

നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും അനുഗുണമായ നിയമഭേദഗതികൾ ദുരുപയോഗം ചെയ്യപ്പെടാതിരിക്കാനുള്ള ജാഗ്രതയോടെയുള്ള സമീപനം ബില്ലിലെ വ്യവസ്ഥകളിൽ പ്രകടമല്ല. കൂടാതെ കോവിഡ് പ്രതിസന്ധി തളർത്തിയ വ്യവസായ മേഖലയുടെ പുനരുജ്ജീവനത്തിനാവശ്യമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്താത്ത വ്യവസായം സുഗമമാക്കുന്നതിനുള്ള നിയമനിർമ്മാണ നിർദ്ദേശം സാർത്ഥമാകുകയില്ല. ലോക്കൗട്ട് ക്രെഡിറ്റ് ഫെസിലിറ്റി ഏർപ്പെടുത്തുന്നതിനും ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകളുടെ വലിയ സാധ്യത ചെറുകിട മേഖലയിൽ എത്തിക്കുന്നതിന് സർക്കാർ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ (വ്യവസായ മേഖലയെ) സെക്ടർ തിരിച്ച് ശാസ്ത്രീയ പഠനത്തിനായി പുനരുജ്ജീവിപ്പിക്കുന്നതിനുമുള്ള ക്രിയാത്മക വ്യവസ്ഥകൾ ഉൾപ്പെടുത്തി വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനുള്ള ഒരു സമഗ്ര നിയമനിർമ്മാണമാണ് ഈ കാലഘട്ടത്തിന്റെ ആവശ്യം. എന്നാൽ, വ്യവസായ മേഖലയെ മുന്നോട്ടു നയിക്കാൻ പ്രാപ്തമായ നടപടികളെക്കുറിച്ച് പ്രതിപാദിക്കാതെ വ്യവസായങ്ങൾക്ക് അനുമതി നൽകണമോ, വേണ്ടയോ എന്ന് തീരുമാനിക്കുന്നതിനു മാത്രം വ്യവസ്ഥ ചെയ്യുന്ന പ്രസ്തുത ബില്ലിലെ നിർദ്ദേശത്തോട് വിയോജിപ്പ് രേഖപ്പെടുത്തുന്നു.

മഞ്ഞളാംകുഴി അലി (ഒപ്പ്)

പി. സി. വിഷ്ണുനാഥ് (ഒപ്പ്)

